**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3198      07-11-2019 -ൽ മറുപടിക്ക്

## കവളപ്പാറയിൽ ഉരൾപൊട്ടലുണ്ടായതിനുള്ള സാഹചര്യം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അനിൽ അക്കര** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കവളപ്പാറയിൽ ഉരൾപൊട്ടലുണ്ടായതിനുള്ള സാഹചര്യം സംബന്ധിച്ച് എന്തെങ്കിലും പഠനമോ പരിശോധനയോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) | നടത്തിയിട്ടുണ്ട്, 62 മുതൽ 70 ഡിഗ്രിയോളം ചെരിവ് വരുന്ന കവളപ്പാറയുടെ ഉയർന്ന ഭാഗങ്ങളിൽ അശാസ്ത്രീയമായ രീതിയിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ അവലംബിച്ച് മണ്ണ് നീക്കം ചെയ്ത് (Earth cutting) ആധുനിക മെഷിനറികൾ ഉപയോഗിച്ച് റബ്ബർ കൃഷിക്കായി ടെറസ്സുകൾ നിർമ്മിക്കുകയും വളരെയധികം വെള്ളം ഭൂമിയിലേയ്ക്ക് ഊഴ്ന്നിറങ്ങുവാൻ സാഹചര്യമുണ്ടായതായും ഈ അശാസ്ത്രീയമായ കൃഷി അവലംബവും പ്രവർത്തനങ്ങളും മലയിടിച്ചിലിന് കാരണമായതായും ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത സ്ഥലത്തുണ്ടായ ഉരുൾപൊട്ടലിൽ എത്ര പേർ മരിച്ചുവെന്നും എത്ര പേരെ കാണാതായിയെന്നും മരിച്ചവരുടെയും കാണാതായവരുടെയും ആശ്രിതർക്ക് എന്ത് ധനസഹായമാണ് ഇതിനകം നൽകിയതെന്നും വിശദമാക്കുമോ? | ബി) | കവളപ്പാറയിൽ ഉരൾപൊട്ടലിൽ 48 പേർ മരണപ്പെടുകയും 11 പേരെ കാണാതാവുകയും ചെയ്തു. മരിച്ചവരിൽ 43 പേരുടെ ആശ്രിതർക്കും കാണാതായവരിൽ 7 പേരുടെ ആശ്രിതർക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4 ലക്ഷം രൂപ വീതം ധനസഹായം നൽകി. |

സെക്ഷൻ ഓഫീസർ